**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2119** **26-10-2026-ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മാർക്കറ്റ് നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ജി. സ്റ്റീഫൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജക മണ്ഡത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാട്ടാക്കട മാർക്കറ്റ് കാലങ്ങളായി നവീകരണം നടത്താതെ ശോചനീയാവസ്ഥയിൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നവീകരിക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കാട്ടാക്കട മാർക്കറ്റിൽ കഴിഞ്ഞവർഷം പുതുതായി നിർമ്മിച്ച മീൻ കച്ചവടം നടത്തുന്നതിനുള്ള ഷെഡ് ഒഴികെ ബാക്കി കച്ചവടം നടത്തുന്ന എല്ലാ സ്റ്റാളുകളും കാലപ്പഴക്കം കാരണം നാശം വന്ന അവസ്ഥയിലാണ്. അനേകം കച്ചവടക്കാർ സ്റ്റാളുകളുടെ അപര്യാപ്തത കാരണം പൊരി വെയിലത്ത് കച്ചവടം ചെയ്യുന്ന അവസ്ഥയാണ്. മാർക്കറ്റിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളും അപര്യാപ്തമാണ്. ഏകദേശം 2 കോടി രൂപയോളം മാർക്കറ്റിന്റെ വികസനത്തിന് വേണ്ടി വരുമെന്ന് കണക്കാക്കുന്നു. ഫണ്ട് ലഭ്യതയനുസരിച്ച് നവീകരണം പരിശോധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**